# വയനാട്

വയനാട് ജില്ലയിലെ മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 344.44ച.കി.മീറ്റർ വ്യാപിച്ചുകിടക്കുന്ന വയനാട് വന്യജീവി സങ്കേതം പ്രഖ്യാപിച്ചത് 1973- ലാണ്. നീലഗിരി ജൈവമണ്ഡല ത്തിന്റെ അഭിഭാജ്യഭാഗമാണ് ഈ വന്യജീവി സങ്കേതം. കർണ്ണാടകയുടെ ബന്ദിപ്പൂർ, നാഗർഹോള കടുവ സങ്കേ തങ്ങളും, തമിഴ്നാടിന്റെ മുതുമല കടുവ സങ്കേതവും ഇതി നോട് ചേർന്നു കിടക്കുന്നു. ബ്രിട്ടീഷുകാരുമായുള്ള പോരാട്ടത്തിൽ പഴശ്ശിരാജ ഈ മേഖലയിലാണ് താവള മുറപ്പിച്ചത്. ആർദ്ര ഇലപൊഴിയും കാടുകളാണ് ഈ മേഖലയിൽ ഭൂരിഭാഗവും. ജലസാന്നിദ്ധ്യവും പച്ചപ്പും ധാരാളം ഉള്ളതിനാൽ ഈ സങ്കേതം വന്യജീവി സമ്പ ത്തിനാൽ സമൃദ്ധമാണ്. കടുവ, ആന, കരടി, കാട്ടുപോത്ത്, മ്ലാവ് തുടങ്ങിയ വന്യജീവികളും വിവിധ പക്ഷി വർഗ്ഗങ്ങൾ, ഉരഗവർഗ്ഗങ്ങളും വയനാട് വന്യജീവി സങ്കേതത്തിൽ കാണപ്പെടുന്നു. വയനാട് വൈൽഡ് ലൈഫ് ഡിവിഷന്റെ ഭരണനിയന്ത്രണ ത്തിലാണ് ഈ സങ്കേതം.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 344.44 ച.കി.മീറ്റർ |
| വർഷപാതം | - | 2024 മി.മീറ്റർ |
| ഊഷ്മാവ് | - | $18^{0}$ - $34^{0}$ C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 1158 മീറ്റർ |
| സന്ദർശനകാലം | - | നവംബർ-മാർച്ച് |





സങ്കേതത്തിന്റെ ഭാഗമായ മുത്തങ്ങയും തോൽപ്പട്ടിയും ഇക്കോടൂറിസം കേന്ദ്രങ്ങളാണ്. കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും 110 കി.മീറ്റർ ദൂരമുണ്ട്. ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ കോഴിക്കോടാണ് (90 കി.മീറ്റർ). നാഷണൽ ഹൈവേ 212–കോഴിക്കോട് – സുൽത്താൻ ബത്തേരി, കോഴിക്കോട്–കല്പറ്റ – മാനന്തവാടി – തോൽപ്പെട്ടി, ഊട്ടി – സുൽത്താൻ ബത്തേരി, മൈസൂർ – തോൽപ്പെട്ടി എന്നിങ്ങനെ റോഡ് മാർഗ്ഗവും വയനാട് വന്യജീവി സങ്കേതത്തിൽ എത്താം.

*കൂടുതൽ വിവരങ്ങൾക്ക്*


വൈൽഡ്ലൈഫ് വാർഡൻ

വയനാട് വൈൽഡ്ലൈഫ് ഡിവിഷൻ,

സുൽത്താൻ ബത്തേരി പി.ഒ.

ഫോൺ ; 04936 – 220454 മൊബൈൽ – 9447979105

E-mail - www.wayanad@forest.kerala.gov.in.

website - www.wayanadsanctuary.org.





